പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5358 15.11.2019-ലെ മറുപടിക്ക്

**വർക്കല മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസുകളിൽ കൺസഷൻ ടിക്കറ്റ്**

| ചോദ്യം<br>ശ്രീ.വി. ജോയി | | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വർക്കല മണ്ഡലത്തിലെ പകൽകുറി എച്ച്.എസ്സ്.എസ്സിൽ പഠിക്കുവാൻ ഓയൂർ ഭാഗത്ത് നിന്ന് എത്തുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ. ടി.സി. ബസുകളിൽ കൺസഷൻ ടിക്കറ്റ് അനുവദിക്കാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും | നിലവിൽ പകൽക്കുറി എച്ച്.എസ്.എസ്. ലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ. ടി.സി കൺസഷൻ നൽകി വരുന്നുണ്ട്. എന്നാൽ സ്വകാര്യ ബസ്സുകൾ കൂടുതലായി സർവ്വീസ് നടത്തുന്ന ഏതാനും റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി ചുരുക്കം ചില സർവ്വീസുകൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. അത്തരം മേഖലകളിൽ വരുമാന ലഭ്യത ഉറപ്പ് വരുത്തിയാൽ മാത്രമേ ടി സർവ്വീസുകൾ തുടരുവാൻ നിലവിലെ സാഹചര്യത്തിൽ സാധിക്കുകയുള്ളൂ. പ്രസ്തുത സർവ്വീസുകളിൽ കൺസഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (ബി) | എങ്കിൽ കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ? | | |

സെക്ഷൻ ഓഫീസർ